**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** | **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 9,10 ക്ലാസ്സുകൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് കേന്ദ്ര സഹായ പദ്ധതി ഇനത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശിക ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2022-23 വർഷം മുതൽ സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പുതുക്കിയ കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 40:60 സംസ്ഥാന-കേന്ദ്ര അനുപാതത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്ഥാപനത്തിൽ നിന്നും ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം അർഹതയ്ക്ക് വിധേയമായി അപ്രൂവൽ നൽകുകയും അപ്രൂവൽ ലഭിക്കുന്ന അപേക്ഷകൾക്ക് PFMS മുഖേന സംസ്ഥാനവിഹിതം വിതരണം ചെയ്യുകയും, ശേഷം കേന്ദ്രവിഹിതം വിദ്യാർത്ഥികളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതിനായി വിദ്യാർത്ഥികളുടെ ഡേറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് ഷെയർ ചെയ്യുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം അർഹതയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാനവിഹിതം വിതരണം ചെയ്യുകയും കേന്ദ്രവിഹിതം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന നൽകി വരുകയും ചെയ്യുന്നു. |
| (ബി) | പട്ടികജാതി വികസനപദ്ധതിയിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ ഈ സർക്കാർ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ വന്നതിനുശേഷം പട്ടികജാതി വികസനപദ്ധതിയിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2021-22 | 1110 | 2,91,08,915/- |
| 2022-23 | 1151 | 2,84.86.775/- |
| 2023-24 | 578 | 1,37,05,750/ |

സെക്ഷൻ ഓഫീസർ